# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025 - 2026

## കരയോഗം
## എ. പി. സ്കൂൾ
## പാവുക്കര.

Scanned with OKEN Scanner

## ആമുഖം

ഒരു വ്യക്തിയിൽ നിന്ന് ഒരു സമൂഹവും ഒരു സമൂഹത്തിൽ നിന്ന് ഒരു നാടും നന്നാവണമെങ്കിൽ ആ സമൂഹത്തിന്റെ പിൻബലവും പിന്തുണയും അർത്ഥപൂർണ്ണമായ പങ്കാളിത്തവും ഓരോ വ്യക്തിയിലും അധിഷ്ഠിതമായിരിക്കണം. ദേശീയ വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ ചുവടും പിടിച്ച് സാർവ്വത്രികവും നിർബന്ധിതവും സമഗ്രവുമായ വിദ്യാഭ്യാസം ഉറപ്പുവരുത്തുക. പിന്നോക്കം നില്ക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേകം പരിഗണന നൽകുകയും അതോടൊപ്പം അവരെ മുഖ്യധാരയിലേക്ക് നയിക്കുകയും ചെയ്യുക. സൗജന്യവും ശിശുസൗഹൃദവുമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക എന്നിവ മുന്നിൽ കണ്ടുകൊണ്ടാണ് പ്രവർത്തനങ്ങൾക്ക് ഊന്നൽ നല്കിയിരിക്കുന്നത്.

## ലക്ഷ്യങ്ങൾ

1) കുട്ടിയുടെ കഴിവ് കേവലം വിഷയ പഠനത്തിൽ ഒതുങ്ങാതെ സർഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്ന തരത്തിൽ സമഗ്രവികസനം ലക്ഷ്യമാക്കുക വഴി യഥാർത്ഥ വിദ്യാഭ്യാസലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തുക.

2) പഠനനിലവാരം ഉറപ്പു വരുത്തുന്നതിനാവശ്യമായ പഠനോപകരണങ്ങൾ വിദ്യാലയങ്ങളിൽ എത്തിക്കുക.

3) പാഠ്യേതര മികവ് ഉയർത്തുന്നതിനാവശ്യമായ ഭൗതിക മാനസിക സാംസ്കാരിക സൗകര്യങ്ങൾ ഒരുക്കുക.

4) കാർഷികസാംസ്കാരികം പുതിയ തലമുറയിൽ വളർത്തിയെടുക്കുക. മാലിന്യ നിർമ്മാർജ്ജനം ഒരു സംസ്കാരമായി വളർത്തിയെടുക്കുക.

5) പ്ലാസ്റ്റിക്, കീടനാശിനി, ലഹരിമുക്ത ക്യാമ്പസുകൾ സൃഷ്ടിക്കുക.

6) സ്കൂൾ വായനശാലയും ലാബുകളും ആധുനികവത്കരിക്കുക.

7) പിന്നോക്കം നില്ക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണനകൾ നല്കി മുഖ്യധാരയിലെത്തിക്കുക.

8) പരിസ്ഥിതി സംരക്ഷണ-പഠന പ്രവർത്തനങ്ങൾ സൃഷ്ടിക്കുക.

9) കലാ-കായിക-പ്രവൃത്തി പരിചയ വിദ്യാഭ്യാസത്തിന് അനുഗുണമായ ഭൗതിക സൗകര്യങ്ങൾ ഒരുക്കുക.

10.) പ്രീ-സ്കൂൾ വിദ്യാഭ്യാസം യഥാർത്ഥ്യമാക്കുക.

## സ്കൂൾ ചരിത്രം

1935 മുതൽ 1950 വരെ പരിയാരത്ത് ദാമോദരൻനായരുടെ ശിക്ഷണത്തിൽ പ്രവർത്തിച്ചിരുന്ന ഒരു ആശാൻ പള്ളിക്കൂടമാണ് 1951 ൽ സെപ്റ്റംബർ മാസത്തിൽ കരയോഗം യു.പി. സ്കൂൾ ആയി മാറിയത്. ഏകദേശം രണ്ടര ഏക്കർ വസ്തുവിൽ പ്രവർത്തിക്കുന്ന ഈ സ്കൂൾ ചെങ്ങന്നൂർ താലൂക്കിലെ മാന്നാർ ഗ്രാമപഞ്ചായത്തിന്റെ പടിഞ്ഞാറൻ മേഖലയിൽ സ്ഥിതി ചെയ്യുന്നു.

മാന്നാറിന്റെ സാമൂഹിക സാംസ്കാരിക രാഷ്ട്രീയ ഔദ്യോഗിക രംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ചവരിൽ പലരും ഈ സ്കൂളിലെ പൂർവ്വ വിദ്യാർത്ഥികളാണ്. കോട്ടയം മെഡിക്കൽ കോളേജിലെ മുൻ സൂപ്രണ്ട് ഡോ. ടി.ജി. രാമകൃഷ്ണപിള്ള, മാന്നാർ ഗ്രാമപഞ്ചായത്ത് അംഗം ശ്രീ. ചാക്കോ കയ്യത്ര, മുൻ ജില്ല പ്രസിഡന്റ് ജേക്കബ് തോമസ് അരികുപുറം, പന്തളം എൻ.എസ്.എസ്. കോളേജ് റിട്ട. ലക്ചറർ ശ്രീ ഗണേശ്പിള്ള എന്നിവർ ഈ തിരുമുറ്റത്ത് പിച്ചവച്ചുനടന്നവരാണ്.

## സ്കൂൾ മികവിന്റെ കാഴ്ചപ്പാട്

1. ലൈബ്രറി സംവിധാനം വഴി വായനാശീലം വിദ്യാർത്ഥികളിലും രക്ഷിതാക്കളിലും വളർത്തുവാൻ സാധിക്കുക.
2. പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ സജീവ താത്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുക വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.
3. അന്താരാഷ്ട്ര പഠനനിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ പഠനോപകരണങ്ങൾ ഉറപ്പാക്കൽ.
4. കലാകായിക പ്രവർത്തി പരിചയ മികവ് ഉറപ്പാക്കാൻ ആവശ്യമായ ഭൗതിക മാനവിക സാംസ്കാരിക സൗകര്യങ്ങൾ ഒരുക്കൽ.
5. സമ്പൂർണ്ണ ശുചിത്വം, പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം സൃഷ്ടിക്കൽ.
6. എസ്.എസ്.ജി.യുടെ പ്രവർത്തനങ്ങൾ ശാക്തീകരിക്കൽ.
7. മലയാളം, ഇംഗ്ലീഷ്, ഗണിതം ഇവയുടെ അടിസ്ഥാനശേഷി വികാസവും മുന്നോക്കക്കാർക്ക് പ്രത്യേക പരിശീലനവും നൽകുക.
8. നാട്ടിൽ ലഭ്യമായ വൈദഗ്ധ്യത്തെ കുട്ടിയുടെ ഗുണമേന്മ വിദ്യാഭ്യാസത്തിന് മുതൽകൂട്ടാക്കൽ.
9. വിദ്യാലയത്തിലെ ഓരോ അധ്യാപകന്റേയും അക്കാദമികവും സാങ്കേതികവുമായ മികവ് വികസിപ്പിക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യൽ.

## നിലവിലുള്ള അവസ്ഥ വിശകലനം

ഭൂരിഭാഗം കുട്ടികളും സാമ്പത്തികമായും മറ്റും താഴ്ന്ന നിലവാരത്തിൽ നിൽക്കുന്നവരാണ്. 95% കുട്ടികളും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരാണ്. അവർക്ക് കിട്ടുന്ന പഠനസാഹചര്യങ്ങൾ വളരെ ശോചനീയമാണ്.

| | I | II | III | IV | V | VI | VII | Total |
|---|---|---|---|---|---|---|---|---|
| | 0 | 1 | 2 | 1 | 3 | 2 | 4 | 13 |
| | 3 | 1 | - | 1 | 4 | 1 | 3 | 13 |
| | 3 | 2 | 2 | 2 | 7 | 3 | 7 | 26 |

കുട്ടികളുടെ എണ്ണം ക്രമാതീതമായി കുറഞ്ഞുവരുന്നു. കഴിഞ്ഞ വർഷവും കുട്ടികളുടെ എണ്ണം കുറഞ്ഞുവന്നു. വാഹനസൗകര്യം ഒരുക്കുന്നതിനാൽ കുട്ടികളെ വിദ്യാലയത്തിലേക്ക് അയയ്ക്കുവാൻ രക്ഷിതാക്കൾക്ക് താല്പര്യം ഉണ്ട്. സ്കൂൾ തുറന്നതിന് ശേഷം 10 കുട്ടികൾ അധികമായി ചേർന്നിട്ടുണ്ട്.

പഴയ കെട്ടിടങ്ങളിലാണ് 1 മുതൽ 7 വരെയുള്ള ക്ലാസ്സുകൾ പ്രവർത്തിക്കുന്നത്. അടുക്കള ഇതിൽ നിന്നും വിട്ടുനിൽക്കുന്നു. അടച്ചുറപ്പുള്ള ക്ലാസ് മുറികൾ ഒന്നും തന്നെയില്ല. അസംബ്ലി ഹാളിനും ഭോജനശാലയ്ക്കും ഉള്ള സൗകര്യങ്ങൾ ഉണ്ട്. എന്നാൽ വേണ്ടവിധം ഉപയോഗമാക്കാൻ സാധിക്കുന്നില്ല. ഇവിടെ ആകെ 8 അധ്യാപകർ ജോലി ചെയ്യുന്നു. ഓരോ ക്ലാസ്സും ഓരോ അധ്യാപകർ ജോലി ചെയ്യുന്നു. വിദ്യാരംഗം, ശാസ്ത്രം, ഗണിതം, പരിസ്ഥിതി, ശുചിത്വം, ഇംഗ്ലീഷ്, ക്ലബ്ബുകളുടെ ചുമതല എന്നിവ അധ്യാപകർക്ക് വിഭജിച്ച് നല്കയിട്ടുണ്ട്. സ്കൂളിന്റെ സർവ്വതോന്മുഖമായ പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് പ്രതിനിധികൾ പിന്തുണ നല്കുന്നുണ്ട്. മാന്നാർ-ഹരിപ്പാട് വീയപുരം പാതയോരത്ത് സ്ഥിതി ചെയ്യുന്നതിനാൽ അനുയോജ്യമായ യാത്രാ സൗകര്യങ്ങൾ ഉണ്ട്. സ്കൂൾലൈബ്രറി, ലാബ്, കമ്പ്യൂട്ടർ എന്നിവ ഉണ്ടെന്നു മാത്രമേ പറയാൻ സാധിക്കുള്ളു. സൗകര്യപൂർവ്വം പ്രയോജനപ്പെടുത്താൻ സാധിക്കുന്നില്ല. കുട്ടികളുടെ കായിക ആരോഗ്യത്തിനുള്ള കളിസ്ഥലം ഉണ്ടെങ്കിലും അതും പ്രയോജനപ്പെടുത്താൻ സാധിക്കുന്നില്ല.

### മികവുകൾ

ദിനാചരണങ്ങൾ വളരെ ഭംഗിയായി നടത്തുന്നുണ്ട്. ഓണാഘോഷ പരിപാടിയുമായി ബന്ധപ്പെടുത്തി മാന്നാർ ഗ്രാമപഞ്ചായത്ത് അംഗങ്ങൾ ക്ലാസ്മുറികളിൽ കാറ്റും വെളിച്ചവും കടക്കുന്നതിനാവശ്യമായ ഫാനും ബൾബുകളും തന്നു. ഉപജില്ലാ മത്സരങ്ങളിൽ സാമൂഹ്യശാസ്ത്ര മേളയിൽ എൾ.പി. വിഭാഗം ഓവറോൾ ഈ സ്കൂളിനു നേടി. ഗാന്ധിദർശൻ പരിപാടിയിൽ എൽ.പി. തല വായനക്കുറിപ്പിൽ ഒന്നാംസ്ഥാനവും മൂല്യനിർണ്ണയത്തിൽ 5 കുട്ടികളും വിജയം കരസ്ഥമാക്കി. കായിക മേളയിലും എൽ.പി. തലത്തിലെ കുട്ടികൾ സമ്മാനങ്ങൾ നേടുകയുണ്ടായി. മാതൃഭൂമി സീഡ് 3 വർഷങ്ങളായി അവാർഡുകൾ കരസ്ഥമാക്കാൻ സാധിച്ചു. ഇന്നൊവേറ്റീവ് അവാർഡും കരസ്ഥമാക്കി

സ്കൂളിന്റെ സർവ്വതോന്മുഖമായ ഉയർച്ചയ്ക്കുവേണ്ടി മാനേജ്മെന്റിന്റെ ഭാഗത്തു നിന്നും ഒരു പുതിയ കമ്മറ്റി രൂപീകരിച്ച് നടപ്പിലാക്കാൻ തീരുമാനിച്ചു. ജനുവരി 26 റിപ്പബ്ലിക് ദിനം മാന്നാർ ഡി.എഡ്.കുട്ടികളും ചേർന്ന് സ്കൂളിൽ ഗംഭീരമായ ആഘോഷം നടന്നു. സ്വാതന്ത്ര്യദിന ക്വിസ് മത്സരത്തിൽ ചെങ്ങന്നൂർ ഉപജില്ലയിൽ എൽ.പി. തലത്തിൽ 2-ാം സ്ഥാനം കരസ്ഥമാക്കി. ഇതെല്ലാം ഈ സ്കൂളിന്റെ മികവുകളാണ്. നൂതനാശയങ്ങളിലൂടെ കുട്ടികളുടെ കഴിവുകളെ കണ്ടെത്തുന്നു എന്നതാണ് പ്രധാന മികവ്.

## പദ്ധതിരൂപീകരണ പ്രക്രിയ

സ്കൂൾ എസ്.ആർ.ജി. കൂടി അക്കാദമിക മാസ്റ്റർ പ്ലാനിനെക്കുറിച്ച് ചർച്ച ചെയ്ത് ഓരോ വിഷയത്തിലും ഉൾപ്പെടുത്തേണ്ട പ്രവർത്തനങ്ങളെക്കുറിച്ച് ആലോചിച്ച് രൂപരേഖ തയ്യാറാക്കി. തുടർന്ന് പി.റ്റി.എ. വിളിച്ചു കൂട്ടി രൂപരേഖ അവതരിപ്പിക്കുകയും അതിന്റെമേൽ ചർച്ച നടത്തുകയും അവരുടെ അഭിപ്രായങ്ങൾ സ്വീകരിച്ചുകൊണ്ട് പൊതുതീരുമാനത്തിലെത്തി. അതിന്റെ അടിസ്ഥാനത്തിൽ എസ്.ആർ.ജി. കൺവീനറുടെ നേതൃത്വത്തിൽ അക്കാദമിക മാസ്റ്റർപ്ലാൻ കരട് രേഖ എഴുതി തയ്യാറാക്കി പൊതു അവതരണം നടത്തി. നിർദ്ദേശങ്ങൾ കൂട്ടിച്ചേർത്ത് അംഗീകരിച്ചു. ആഴ്ച, മാസം, എല്ലാം അധ്യാപക കൂട്ടായ്മയിലൂടെ കുട്ടികളുടെ വികാസപരമായ ചർച്ച ചെയ്യാറുണ്ട്.

## പ്രശ്നങ്ങൾ, വെല്ലുവിളികൾ

1. ഭൗതികസാഹചര്യങ്ങൾ കുറവാണ്. [കെട്ടിടം]
2. അടച്ചുറപ്പില്ലാത്ത ക്ലാസ്മുറികൾ.
3. കായിക പ്രാധാന്യത്തിനെ കളിസ്ഥലം ഉണ്ടെങ്കിലും അത് ഉപയോഗയോഗ്യമാക്കാൻ സാധിക്കുന്നില്ല.
4. കുട്ടികളുടെ എണ്ണം കൂടുന്നുണ്ടെങ്കിലും അവരെ ഇരിക്കാനുള്ള സൗകര്യം കുറവാണ്.



Scanned with OKEN Scanner

# വിഷയമേഖല - പ്രവർത്തനങ്ങൾ

## പ്രവർത്തനം 1

പ്രവർത്തനത്തിന്റെ പേര് : ചങ്ങാതിക്കൊരു സമ്മാനം
മേഖല : അക്കാദമികം
ഉപമേഖല : ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂൾ ലൈബ്രറിയുടെ നവീകരണം. | ആഴ്ചയിലൊരു ദിവസം കുട്ടികൾ അവരുടെ ചങ്ങാതിക്ക് ഒരു പുസ്തകം നല്കുന്നു. ഈ പുസ്തകങ്ങൾ ലൈബ്രറിയിലേക്ക് സംഭാവന നല്കുന്നു. | മാസത്തിൽ 4 പുസ്തകങ്ങൾ ഓരോ കുട്ടിയും | SRG<br>PTA<br>കുട്ടികൾ | |

## പ്രവർത്തനം 2

പ്രവർത്തനത്തിന്റെ പേര് : വർക്ക് ഷീറ്റ് തയ്യാറാക്കൽ
മേഖല : അക്കാദമികം
ഉപമേഖല : ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായനാ പുസ്തകങ്ങളെ തരംതിരിച്ച് നിലവാരമനുസരിച്ച് കുട്ടികൾ വായനാ സാമഗ്രികൾ തയ്യാറാക്കുന്നു. | വായിച്ച പുസ്തകങ്ങളിലെ ആശയം ക്രമപ്പെടുത്തി പല വ്യവഹാരരൂപങ്ങൾ തയ്യാറാക്കി അവയ്ക്ക് യോജിച്ച തലക്കെട്ട് നല്കി വായനാ വർക്ക് ഷീറ്റ് തയ്യാറാക്കുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഭാഷാധ്യാപകൻ | 200 രൂപ<br>SRG |

## പ്രവർത്തനം - 3

പ്രവർത്തനത്തിന്റെ പേര് : കല്ലിൽ നിന്ന് ലോഹത്തിലേക്ക്
മേഖല : അക്കാദമികം
ഉപമേഖല : സാമൂഹ്യശാസ്ത്രപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചരിത്രശേഷിപ്പുകൾ സംരക്ഷിച്ച് പ്രായോഗിക പ്രവർത്തനങ്ങളിലൂടെ സാമൂഹ്യശാസ്ത്രപഠനം സുഗമമാക്കുകയും ശിലായുഗ സംസ്കാരം തിരിച്ചറിഞ്ഞ് വിദ്യാലയം നാടിന്റെയും അറിവിന്റേയും ഇടമാക്കുന്നു. | പഴയകാല ഉപകരണങ്ങൾ നിർമ്മിക്കുകയും പഴയ നാണയശേഖരണം, കറൻസി ചിത്രശേഖരണം ഇവയെല്ലാം ഉപയോഗിച്ച് ഒരു സാമൂഹ്യശാസ്ത്ര മ്യൂസിയം, ശിലായുഗ സംസ്കാര മാതൃക ഇവക്ക് രൂപം നല്കുന്നു. ധാരാളം ഉൽപ്പന്നങ്ങൾ ലാബിൽ പ്രദർശനത്തിന് മുതൽക്കൂട്ടാകുന്നു. | 2 ആഴ്ച കാലം | സാമൂഹ്യശാസ്ത്ര ക്ലബ്. | 1000 രൂപ<br>പിടിഎ മറ്റ് ക്ലബ്ബ് അംഗങ്ങൾ. |



Scanned with OKEN Scanner

## പ്രവർത്തനം - 4

പ്രവർത്തനത്തിന്റെ പേര് :
മേഖല : അക്കാദമികം
ഉപമേഖല : ശാസ്ത്രപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചുറ്റുപാടുമുള്ള സസ്യങ്ങളെ തിരിച്ചറിയുക, അവ ഉപയോഗപ്പെടുത്തുകയും ചെയ്യുക. | ചുറ്റുമുള്ള സസ്യങ്ങളുടെ പേരുകൾ എഴുതുന്നു. അവയുടെ പ്രത്യേകതകൾ കണ്ടെത്തി എഴുതുന്നു. സസ്യങ്ങൾ വച്ചു പിടിപ്പിക്കേണ്ടതിന്റെ ആവശ്യകത-ക്ലാസ്സ് നടത്തുന്നു. | 1 മാസം | പരിസ്ഥിതി ക്ലബ്ബ് ശാസ്ത്ര അധ്യാപിക | 300 രൂപ |

## പ്രവർത്തനം - 5

പ്രവർത്തനത്തിന്റെ പേര് : കവികളും കവിതകളും
മേഖല : അക്കാദമികം
ഉപമേഖല : ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഹിന്ദിയിലെ കവികളേയും കവിതകളേയും പരിചയപ്പെടുത്തുക. | കുട്ടികൾക്ക് ഹിന്ദിയിലെ കവികളുടെ ചിത്രങ്ങൾ നൽകുന്നു. ഓരോ കുട്ടിയും അവർക്ക് ലഭിച്ചിരിക്കുന്ന കവിയുടെ പേരെഴുതുന്നു. ഒരു കവിതയും കവിയുടെ ലഘു ജീവചരിത്രവും തയ്യാറാക്കി പുസ്തരൂപത്തിൽ പ്രസിദ്ധീകരിക്കുന്നു. | 3 മാസം കൂടുമ്പോൾ | ഹിന്ദി അധ്യാപിക | 200 രൂപ |

## പ്രവർത്തനം - 6

പ്രവർത്തനത്തിന്റെ പേര് : ആകാശ കാഴ്ചകൾ
മേഖല : അക്കാദമികം
ഉപമേഖല : ശാസ്ത്രപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രപഞ്ച പ്രതിഭാസങ്ങളെ ആസ്വദിക്കുന്നതിനും അവയെ ശാസ്ത്രീയമായി വിശകലനം ചെയ്യുകയും നക്ഷത്രകൂട്ടങ്ങളെയും ഗ്രഹങ്ങളേയും ആകാശത്ത് നിരീക്ഷിച്ച് തിരിച്ചറി | ജ്യോതിശാസ്ത്ര ക്ലാസ്സും രാത്രിയിൽ നക്ഷത്രങ്ങളെ നിരീക്ഷിക്കാനും തീരുമാനിച്ചു. തുമ്പ പോലുള്ള വാനനിരീക്ഷണ സ്ഥലങ്ങളിലേക്ക് പഠനയാത്ര നടത്താൻ തീരുമാനിച്ചു. പ്രപഞ്ചം, ഗാലക്സികൾ, സൗരയൂഥം, ഗ്രഹങ്ങൾ ഇവയെക്കുറിച്ച് വിശദീകരണം | 3 മാസം | SRG സാമൂഹ്യ ശാസ്ത്ര അധ്യാപിക | 1500 രൂപ |



Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| യുകയും ഗ്രഹങ്ങളുടെ ഭ്രമണം, പരാക്രമണം ഇവയുമായി ബന്ധപ്പെട്ട പരീക്ഷണങ്ങളിലേർപ്പെടുക, ഉപകരണങ്ങളും മാതൃകകളും രൂപകല്പന ചെയ്യുക. | നല്കുന്നതോടൊപ്പം തന്നെ ചിത്രശേഖരണം നടത്തുന്നു. ആകാശകാഴ്ചകൾ എന്ന പ്രദർശനം സ്കൂളിൽ നടത്താനും തീരുമാനിച്ചു | | | |

## പ്രവർത്തനം - 7

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷിൽ ഒരു മാജിക്

മേഖല : അക്കാദമികം

ഉപമേഖല : ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലന |
|---|---|---|---|---|
| • ഇംഗ്ലീഷ് അനായാസം കൈകാര്യം ചെയ്യാൻ സാധിക്കുക.<br>• കുട്ടികൾക്ക് ഇംഗ്ലീഷിനോടുള്ള ഭയം മാറ്റുക.<br>• പാഠപുസ്തകത്തിനപ്പുറം ഉള്ള അന്തരീക്ഷം ഒരുക്കുക.<br>• ഒരു ദിവസം തന്നെ വ്യത്യസ്തമായ ആശയവിനിമയ സന്ദർഭം ഒരുക്കുക.<br>• പരസ്യമായി ഇംഗ്ലീഷിൽ പൊതുസമൂഹവുമായി സംവാദിക്കുന്നതിലൂടെ ഇംഗ്ലീഷ് പഠനത്തിന് പൊതുവിദ്യാലയം മതി എന്ന തോന്നൽ സമൂഹത്തിനെ ബോധ്യപ്പെടുത്തുക. | • ചെറിയ കഥകൾ വായിപ്പിക്കുക.<br>• അസംബ്ലിയിൽ തന്നെക്കുറിച്ചും കുടുംബത്തെക്കുറിച്ചു ഇംഗ്ലീഷിൽ സംസാരിക്കുക.<br>• ചെറിയ കവിതകളും കഥകളും കൂട്ടിചേർക്കുന്നു.<br>• സ്കിറ്റ് തയ്യാറാക്കി പൊതുവേദിയിലെത്തിക്കുന്നു.<br>• അസംബ്ലിയിൽ ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് അവതരണം ഇംഗ്ലീഷിൽ വീഡിയോ ക്ലിപ്പുകൾ കേൾക്കുവാനവസരം ഉണ്ടാക്കുക.<br>• കുട്ടികൾ തയ്യാറാക്കിയ വായനാ സാമഗ്രികൾ സജ്ജീകരിച്ച് രാവിലെ 9.15നും ഉച്ചക്ക് 1.15നും വായിക്കാനവസരം നല്കുക.<br>• ഇംഗ്ലീഷ് പത്രം വായിക്കാനവസരം നല്കുന്നു. | 1 വർഷം | ഇംഗ്ലീഷ് അധ്യാപിക + ഭാഷാ ക്ലബ്ബ് പൂർവ്വ വിദ്യാർത്ഥികൾ | 500 രൂപ |

## പ്രവർത്തനം - 8

പ്രവർത്തനത്തിന്റെ പേര് : ഗണിതം രസികം

മേഖല : അക്കാദമികം

ഉപമേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • ദൈനംദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഗണിതശേഷികളിലൂടെ കഴിവ് വളർത്തുക.<br>• ഗണിതം ആസ്വദിക്കാൻ കഴിയുന്ന തരത്തിൽ കുട്ടിയെ വളർത്തുക | • ഗണിതപാട്ടുകളിലും ഗണിത കഥകളിലും പ്രവർത്തനങ്ങൾ നടത്തുന്നു.<br>• ഗണിതരൂപങ്ങൾ തിരിച്ചറിയുന്നു.<br>• വിദ്യാലയത്തിന്റെ ഗണിത പഠനോപകരണ നിർമ്മാണം നടത്താൻ തീരുമാനിച്ചു. | 6 മാസം | ഗണിത ക്ലബ്. | 1000 രൂപ |

## പ്രവർത്തനം - 9

പ്രവർത്തനത്തിന്റെ പേര് : മുറ്റത്തൊരു പച്ചക്കറിത്തോട്ടം

മേഖല : അക്കാദമികം

ഉപമേഖല : ഗണിതം + പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പച്ചക്കറിയുടെ വിവിധഘട്ടങ്ങൾ മനസ്സിലാക്കുക.<br>ഗണിത-പരിസരപഠന നേട്ടങ്ങൾ ഉറപ്പാക്കുന്നു. | വിവിധതരം പച്ചക്കറികൾ നടാൻ തീരുമാനിച്ചു.<br>കുട്ടികളുടെ വീട്ടിൽ നിന്നും വളവും ജൈവകീടനാശിനിയും കൊണ്ടുവരുന്നു.<br>ഓരോ ദിവസവും നിരീക്ഷിച്ച് കുറിപ്പ് തയ്യാറാക്കുന്നു.<br>കട്ടിയും ത്രാസും ഉപയോഗിച്ച് പച്ചക്കറികൾ വില്ക്കാൻ തീരുമാനിച്ചു. ഇതിലൂടെ കുട്ടിയിൽ അളവ് മനസിലാക്കുന്നു. | 6 മാസം | SRG<br>PTA<br>Teachers and Children | PTA യുടെ സഹായത്തോടെ 2000 രൂപ |



Scanned with OKEN Scanner

## പ്രവർത്തനം - 10

പ്രവർത്തനത്തിന്റെ പേര് : ക്ലാസ് പി.ടി.എ. ശക്തമാക്കൽ

മേഖല : അക്കാദമികം

ഉപമേഖല : ക്ലാസ് പി.ടി.എ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ പഠനം കൂടുതൽ കാര്യക്ഷമമാക്കൽ | കൃത്യമായ അജണ്ട CPTA ചേരൽ കുട്ടികളുടെ മികവതണം. | എല്ലാ മാസവും | ക്ലാസ് ടീച്ചർ | NIL |

## പ്രവർത്തനം - 11

പ്രവർത്തനത്തിന്റെ പേര് : ദിനാചരണം

മേഖല : അക്കാദമികം

ഉപമേഖല : ഒരു ദിനം ഒരു പുതുമ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം. | ജൂൺ മുതൽ മാർച്ച് വരെയുള്ള ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ്.ആർ.ജി.യിൽ ചർച്ച ചെയ്ത് തീരുമാനിക്കുന്നു. എസ്.എം.സി.യുമായി ചേർന്ന് നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | SRC<br>SMC | 4000 രൂപ |

## പ്രവർത്തനം - 12

പ്രവർത്തനത്തിന്റെ പേര് : സ്നേഹകൂട്ടായ്മ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രത്യേക പരിഗണന അർഹിക്കുന്ന എല്ലാ കുട്ടികൾക്കും പിന്തുണയും പ്രോത്സാഹനവും നൽകുക. അവസരവും പങ്കാളിത്തവും ഉറപ്പാക്കുക. | ദിനാചരണങ്ങൾ, അസംബ്ലി, ബാലസഭ, വിദ്യാരംഗം ഇവ ഇവരുടെ നേതൃത്വത്തിൽ സംഘടിപ്പിക്കൽ. നിർമ്മാണ പ്രവർത്തനങ്ങളിൽ പ്രത്യേക പരിശീലനം ഉറപ്പാക്കൽ. | 1 വർഷം | ക്ലാസ് ടീച്ചർ<br>IED Teacher (BRC) | |



Scanned with OKEN Scanner

## പ്രവർത്തനം – 13

പ്രവർത്തനത്തിന്റെ പേര് : സുന്ദരശുചിത്വപരിസരം
മേഖല : ഭൗതികം
ഉപമേഖല : ചുറ്റുമതിൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സുരക്ഷിതമായി സ്കൂളിനെ സംരക്ഷിക്കാൻ | നിലവിലുള്ള ചുറ്റുമതിലിന്റെ ബലക്ഷയം കണ്ടെത്തി നവീകരിക്കുക.<br><br>മുൻവശത്തെ ചുറ്റുമതിൽ ആകർഷകമുള്ളതാക്കി മാറ്റുക. | 1 വർഷം | PTA പൂർവ്വ വിദ്യാർത്ഥികൾ | 300000 രൂപ |

## പ്രവർത്തനം – 14

പ്രവർത്തനത്തിന്റെ പേര് : പോഷകാഹാരവിതരണം
മേഖല : സാമൂഹികം
ഉപമേഖല : ഡൈനിംഗ്ഹാൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വപരവും ആരോഗ്യപരവുമായ അന്തരീക്ഷത്തിൽ പഠനം ഉറപ്പാക്കൽ | സൗകര്യപ്രദമായ സ്ഥലം കണ്ടെത്തി ഡൈനിംഗ് ഹാൾ നിർമ്മിക്കൽ | 2 വർഷം | PTA പൂർവ്വ അധ്യാപകർ, നിലവിലുള്ള അധ്യാപകർ | MLA Fund |

## പ്രവർത്തനം – 15

പ്രവർത്തനത്തിന്റെ പേര് : പൂർവ്വ വിദ്യാർത്ഥിസംഗമം
മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹിക പങ്കാളിത്തത്തോടെ സ്കൂളിന്റെ ഉന്നമനത്തിനായി പ്രവർത്തിക്കൽ, ഉറപ്പാക്കൽ | വിവിധ ബാച്ചുകളായി പൂർവ്വ വിദ്യാർത്ഥികളെ വിളിച്ചു കൂട്ടി അവരോട് വിദ്യാലയ ആവശ്യങ്ങൾ അവതരിപ്പിക്കൽ, ഫണ്ട് സമാഹരിക്കൽ. | വർഷത്തിൽ 2 പ്രാവശ്യം | SSG OSA | 5000 രൂപ |



Scanned with OKEN Scanner

## പ്രവർത്തനം - 16

പ്രവർത്തനത്തിന്റെ പേര് : ബാലോത്സവം

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹപങ്കാളിത്തത്തോടെ നവാഗതരായ കുട്ടികൾക്ക് വിദ്യാലയത്തെ മനസ്സിലാക്കാൻ അവസരമുണ്ടാക്കുക. | വിദ്യാലയത്തിന്റെ സമീപത്തുള്ള അംഗനവാടികളിലെ കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് സ്കൂൾ കുട്ടികളേയും സംഘടിപ്പിച്ച് കലോത്സവം നടത്തുക.<br>• വിരുന്നു സൽക്കാരം<br>• മികവിനു സമ്മാനം | വർഷത്തിൽ 1 പ്രാവശ്യം | PTA<br>OSA | 3000 രൂപ |

## പ്രവർത്തനം - 17

പ്രവർത്തനത്തിന്റെ പേര് : സ്കൂൾ പ്രതിഭകളെ ആദരിക്കൽ

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രതിഭകൾക്ക് സമ്മാനദാനം നല്കി ആദരിക്കൽ | ശാസ്ത്രഗണിത സാമൂഹ്യ ശാസ്ത്രമേളയിൽ സ്കൂൾ തലത്തിലും ഉപജില്ലാ തലത്തിലും വിജയികളായവർക്ക് ഉപഹാരം നല്കി ആദരിക്കൽ. | വർഷത്തിൽ 1 | SRG<br>PTA | 2000 രൂപ |

## പ്രവർത്തനം - 18

പ്രവർത്തനത്തിന്റെ പേര് : കായികപരിശീലനം

മേഖല : അക്കാദമികം

ഉപമേഖല : കായികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കായിക പരിശീലനം ഉറപ്പാക്കൽ. | ആഴ്ചയിൽ ഒരു പിരീഡ് കായികധ്യാപകരെ വെച്ച് കുട്ടികൾക്ക് കായിക പരിശീലനം നൽകുന്നു. | ആഴ്ചയിൽ ഒന്ന് | PTA<br>SRG | 5000 രൂപ |



Scanned with OKEN Scanner